(7) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച കേസ്സിൽ ഗവൺമെന്റ് തോൽക്കാനിടയായ സാഹചര്യം

ശ്രീ. ജോർജ് ജെ. മാത്യു: എന്റെ നിയോജകമണ്ഡലത്തിൽ വളരെ കാലമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സ്റ്റേഷനുണ്ട്. കാഞ്ഞിരപ്പള്ളിയിലാണ് ഇത് പ്രവർത്തിക്കുന്നത്. 100 വർഷമായിട്ട് ഇവിടെ നടത്തിയിരുന്ന ഒരു പെൺ പള്ളിക്കൂടം നിർത്തലാക്കി അവിടെയാണ് ഈ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥലത്തിന് ഏതാണ്ട് ഒരു കോടിയോളം രൂപ വില വരും. ഇത് ദാനമായിട്ട് നൂറുവർഷം മുൻപ് സർക്കാരിന് കൊടുത്തതാണ്. ഇതിന്റെ അനന്തര അവകാശികൾ നിലവിലുണ്ട്. എന്നാൽ കൃത്രിമ അവകാശവാദമുന്നയിച്ച് സർക്കാർ വക്കീലിനെ കൈക്കലാക്കി ഈ സ്ഥലം മറ്റൊരാളുടെ വകയാണെന്ന് വരുത്തിത്തീർക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. പേര് പറയുന്നത് മര്യാദകേടായതുകൊണ്ട് പറയുന്നില്ല. ഞാൻ വസ്തുത അറിഞ്ഞ് എസ്.പി. യെ കോൺടാക്ട് ചെയ്തു. ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ വയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം വയ്ക്കാമെന്ന് സമ്മതിച്ച് ഞാൻ ഫയലുകളും മറ്റ് രേഖകളും കൊടുത്തയച്ചു. രേഖകളെല്ലാം തിരിച്ചുവന്നു. ഈ വക്കീൽ ഞാൻ പറഞ്ഞുവിട്ട ആളിനോട് ചോദിച്ചു, എന്തിനാണ് മറ്റുള്ളവരെ ഉപദ്രവിക്കുന്നതെന്ന്. ആ വിവരം കൂടി ഞാൻ എസ്.പി. യെ അറിയിക്കുകയുണ്ടായി. സർക്കാർ ഭൂമി തട്ടിച്ചെടുത്ത കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ ഇരിക്കുന്ന 25 സെന്റ് സ്ഥലം സെന്റിന് 8 ലക്ഷം രൂപ വില വരും. എനിക്ക് വളരെ വേണ്ടപ്പെട്ട ആളാണ് കൊടുത്തത്. ഫയലുകളെല്ലാം ഉണ്ട്. അതുകൊണ്ട് മുഖ്യമന്ത്രി മുൻകൈയെടുത്ത് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ച് ഈ വസ്തു തിരിച്ച് സർക്കാരിലേക്ക് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ഈ വൃത്തികേട് കാണിച്ച വക്കീൽ ഇപ്പോൾ വിദേശത്തേക്ക് മുങ്ങിയിരിക്കുകയാണ്. മുഖ്യമന്ത്രി അയാളുടെ പേര് ചോദിച്ചാൽ കൊടുക്കാം. ഒരു കാരണവശാലും ഇത് അനുവദിക്കാൻ പറ്റില്ല.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യത്തിൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് പ്രത്യേകം വക്കീലിനെ നിയോഗിക്കുകയും അപ്പീൽ കൊടുക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly